കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**[www.lfa.kerala.gov.in](http://www.lfa.kerala.gov.in)**

## തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

# 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/ബി.പി-1371/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല
ഫോൺ: 0477 2252753
ഇ-മെയിൽ: ddhglfalpy@gmail.com
തീയതി:08.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

.

സർ,

വിഷയം: തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൈക്കാട്ടുശ്ശേരിബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/എ.എൽ.പി/ബിപി-1371/17 തീയതി: 08.11.2017

# ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

( 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.02.2017 മുതൽ 20.10.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ആർ.അശോകൻ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 25.10.2017മുതൽ<br>02.11.2017 വരെ | ശ്രീമതി.വി.മായ,ഓഡിറ്റ് ഓഫീസർ<br>ശ്രീ.കെ.എം. പ്രശോഭൻ, അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. രഞ്ജു പ്രകാശ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1.പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി.നിർമ്മലാ ശെൽവരാജ് | 01.04.2016 മുതൽ 31.03.2017വരെ |

2.സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.സനൽകുമാർ. കെ.എസ് | 01.04.2016 മുതൽ 31.05.2016 വരെ |
| 2 | ശ്രീ. വേണു ഗോപാൽ (ഇൻ ചാർജ്ജ്) | 01.06.2016 മുതൽ 13.06.2016 വരെ |
| 3 | ശ്രീമതി.ശ്രീദേവി.കെ.നമ്പൂതിരി | 14.06.2016 മുതൽ 04.08.2016വരെ |
| 4 | ശ്രീ.കെ.പി.രഘുനാഥൻ | 05.08.2016 മുതൽ 31.03.2017 വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.പി.ജി.മുരളിധരൻ | 01.04.2016 മുതൽ 31.03.2017വരെ |
| 2 | വികസനകാര്യം | ശ്രീമതി.ഉഷ രാജഗോപാൽ | 01.04.2016 മുതൽ 31.03.2017വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.എബ്രഹാം ജോർജ്ജ് | 01.04.2016 മുതൽ 31.03.2017വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീമതി.മേഘാ വേണു | 01.04.2016 മുതൽ 31.03.2017വരെ |

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.ജിനേഷ്.കെ.ബി | 01.04.16 മുതൽ 28.09.16 വരെ (അഡീഷണൽ ചാർജ്ജ്) |
| | | 29.09.2016 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ,അലോപ്പതി | ഡോ.ജോർജ്ജ്.കെ.എ | 01.04.2016 മുതൽ 31.03.17 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി.ആർ.രജതമ്മ | 01.04.2016 മുതൽ 12.12.16 വരെ |
| | ശ്രീമതി.ശോഭന.വി | 13.12.2016 മുതൽ 20.01.17 വരെ (അഡീഷണൽ ചാർജ്ജ്) |
| | ശ്രീമതി.നിർമ്മല.റ്റി.ബി | 21.01.2017 മുതൽ 31.03.17 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.എ.രാകേഷ് | 01.04.2016 മുതൽ 31.03.17 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി.പ്രവീണ.ജി | 01.04.2016 മുതൽ 15.08.16 വരെ |

| | | |
|---|---|---|
| | ശ്രീ.അനിൽകുമാർ.പി.സി | 16.08.2016 മുതൽ 31.03.17 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി.ആശാ അലക്സ് | 01.04.2016 മുതൽ 02.06.16 വരെ |
| | ശ്രീ.മാത്യു സെബാസ്റ്റ്യൻ | 03.06.2016 മുതൽ 30.09.16 വരെ |
| | ശ്രീമതി.ഷെറിൻ ഫിലിപ്പ് (അഡീഷണൽ ചാർജ്ജ്) | 01.10.2016 മുതൽ 02.12.16 വരെ |
| | ശ്രീമതി.ലത.ഇ.വി (അഡീഷണൽ ചാർജ്ജ്) | 02.12.2016 മുതൽ 08.01.17 വരെ |
| | ശ്രീ.ലീലാകൃഷ്ണൻ | 09.01.2017 മുതൽ 31.03.17 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി.സുധാമണി.സി | 01.04.2016 മുതൽ 31.03.17 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to 1-5 |
| | ഭാഗം 2 | |
| 2 | ഇ-ടെൻഡറിംഗ് - ടെൻഡർ ഫീ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല | 2-1 |
| | ഭാഗം 3 | |
| 3 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ | 3-1 |
| 4 | അരൂക്കുറ്റി സി.എച്ച്.സിയിലേയ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭിച്ചിട്ടില്ല | 3-2 |
| 5 | പാലിന് സബ്സിഡി - വിനിയോഗിക്കാത്ത തുക തിരിച്ചടച്ചിട്ടില്ല | 3-3 |
| 6 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-4 |
| 7 | പെയിൻ ആന്റ് പാലിയേറ്റീവ് - രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു | 3-5 |
| 8 | അരൂക്കുറ്റി - മൂലങ്കുഴി ഭാഗത്ത് കാന നിർമ്മാണം - അധിക നിരക്ക് അനുവദിച്ചു | 3-6 |
| 9 | കാന നിർമ്മാണ പ്രവൃത്തികൾ - നിർവ്വഹണത്തിലെ അപാകങ്ങൾ | 3-7 |
| 10 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടം അറ്റകുറ്റപ്പണികൾ - അധിക അളവിന് തുക അനുവദിച്ചു | 3-8 |

| | | |
|---|---|---|
| 11 | പെരുമ്പളത്ത് കാർഷിക വിപണനകേന്ദ്രം -ബ്ളോക്ക് വിഹിതം നൽകിയെങ്കിലും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. | 3-9 |
| 12 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പ്രോജക്ടുകൾ- ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല | 3-10 |
| 13 | അംഗ പരിമിതർക്ക് സൈഡ് വീലുള്ള സ്കൂട്ടർ - രേഖകൾ പരിശോധിക്കാതെ ആനുകൂല്യം നൽകി. | 3-11 |
| | ഭാഗം 4 | |
| 14 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-10 |
| | അനുബന്ധം | |
| 15 | ഓഡിറ്റ് സർട്ടിഫിക്കറ്റ് മലയാളം | 1 |
| 16 | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഇംഗ്ലീഷ് | 2 |
| 17 | ഖണ്ഡിക 3-1(എ) നഷ്ടത്തിനുത്തരവാദികളായ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളുടെ വിവരം | 3 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.2016 തീയതിയിലെ 1-ാം തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 139533988 | 133384500 |
| വാർഷിക കണക്ക് പ്രകാരം | 73609593 | 94417266 |

ബ്ലോക്ക് പഞ്ചായത്തിന്റെ യഥാർത്ഥ വരവും ചെലവുകളും ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും തമ്മിൽ വലിയ വ്യത്യാസം കാണുന്നു. ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. വാർഷിക കണക്കിലെ അപാകതകൾ ഖണ്ഡിക 4-1-ൽ പരാമർശിച്ചിട്ടുണ്ട്.

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 18732124 | 16646503 | 88.87 |
| വികസനഫണ്ട് (എസ്.സി.പി) | 7321479 | 6269828 | 85.64 |
| വികസനഫണ്ട് (റ്റി.എസ്.പി) | 245403 | 80750 | 32.91 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 2918741 | 2848859 | 97.6 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 52 | 60921485 | 46 | 28623967 | 2 | 4 | 88.46 |

ഓഡിറ്റ് വർഷം 52 പ്രോജക്ടുകൾക്കായി 60921485/-രൂപ വകയിരുത്തിയിരുന്നെങ്കിലും 48 (നടപ്പാക്കിയത് 46+ഭാഗികമായി നടപ്പാക്കിയത് 2) പ്രോജക്ടുകൾക്കായി 28623967/-രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. 88% പ്രോജക്ടുകൾ പൂർത്തീകരിച്ചപ്പോൾ 47% ഫണ്ട് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. തുക ചെലവഴിക്കുന്നതിൽ വീഴ്ച വരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | പൂർണ്ണമായി നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 23 | 43340768 | 22 | 14446284 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 3 | 1579775 | 3 | 711675 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 17 | 8987172 | 14 | 6452238 |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ ലാപ്സായി പോകുന്നതാണെന്ന സർക്കാർ നിർദ്ദേശമുണ്ടായിരുന്നിട്ടും ആവിഷ്കരിച്ച പ്രോജക്ടുകൾക്കുള്ള ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാൻ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞില്ല. സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-5 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.12.2016മുതൽ 15.12.2016വരെ | 2015-16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.02.2014മുതൽ 24.02.2014 വരെ | 2008-09 മുതൽ 2012-13 വരെ | 19.04.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഇ-ടെൻഡറിംഗ് - ടെൻഡർ ഫീ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം ഇ-ടെണ്ടറിംഗ് നടത്തിയ പ്രവൃത്തികളിൽ നിന്ന് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുള്ള ടെണ്ടർ ഫീസിന്റെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു. ഈ തുക ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നം പ്രവൃത്തിയുടെ പേര് | ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | കരാറുകാരുടെ പേരും മേൽവിലാസവും | ടെണ്ടർ ഫീസ് | ആകെ ലഭ്യമായ ടെണ്ടർ ഫീസ് |
|---|---|---|---|---|---|
| 1 | S0037/17<br>ചേന്നം പള്ളിപ്പുറം വാർഡ് 3 – അംഗൻവാടി കറുപ്പാട്ടിൽ റോഡിൽ ഡ്രെയിനേജ് നിർമ്മാണം | 1<br>(ടെൻഡർ & റീടെൻഡർ) | മനോജ്.ആർ,<br>ഗുരുമുറ്റത്ത്,<br>ചേന്നം പള്ളിപ്പുറം | 2000 | 2000 |
| 2 | S0042/17<br>പാണാവള്ളി ഗ്രാമ പഞ്ചായത്ത് വാർഡ് 13 – മണിയംപള്ളി തോട് കല്ലുകെട്ടി സംരക്ഷണം | 3 | സാബു.ആർ<br>കുടത്താളി നികർത്ത്<br>പട്ടണക്കാട് | 1000 | 3000 |
| | | | മനോജ്.ആർ,<br>ഗുരുമുറ്റത്ത്,<br>ചേന്നം പള്ളിപ്പുറം | 1000 | |
| | | | രാഘവേന്ദ്ര ഷേണായി,<br>കൊച്ചുമഠം ,<br>തുറവൂർ പി.ഒ | 1000 | |

| | | | | | |
|---|---|---|---|---|---|
| 3 | S0040/17<br>ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് -പെരുമ്പളം പണിക്കശ്ശേരി റോഡ് നിർമ്മാണം | 1 | മാത്യു.ടി.യു<br>തളിയാടിയിൽ,<br>കെ.ആർ.പുരം | 1000 | 1000 |
| 4 | S0043/17<br>പാണാവള്ളി ഗ്രാമ പഞ്ചായത്ത് വാർഡ് 3 -തോട്ടങ്കര തോടിന് കല്ലുകെട്ട് | 2 | സാബു.ആർ<br>കുടത്താളി നികർത്ത്<br>പട്ടണക്കാട് | 1100 | 2200 |
| | | | മനോജ് . ആർ,<br>ഗുരുമുറ്റത്ത്,<br>ചേന്നം പള്ളിപ്പുറം | 1100 | |
| 5 | S0044/17<br>അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത്- വാർഡ് 3 കുറ്റിത്തറ കുറുകച്ചിറ റോഡിൽ കാന നിർമ്മാണം | 2<br>(ടെൻഡർ & റീ ടെൻഡർ) | മനോജ് . ആർ,<br>ഗുരുമുറ്റത്ത്,<br>ചേന്നം പള്ളിപ്പുറം | 2000 | 2000 |
| 6 | S0045/17<br>ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് വാർഡ് 12 ചെങ്ങണ്ടക്കരി- കരിയിൽ ഭാഗം റോഡ് നിർമ്മാണം | 2 | സാബു.പി.എൽ,<br>പുത്തൻവീട്ടിൽ<br>അരൂർ | 1000 | 1000 |

| | | | | | |
|---|---|---|---|---|---|
| 7 | S0046/17<br>അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് വാർഡ്5 തങ്കേരി പാങ്കുതറ കോളനി കാന നിർമ്മാണം | 1 | മനോജ് . ആർ,<br>ഗുരുമുറ്റത്ത്,<br>ചേന്നം പള്ളിപ്പുറം | 1000 | 1000 |
| 8 | S0051/17<br>ചേന്നം പള്ളിപ്പുറം പി.എച്ച്.സി അറ്റകുറ്റപ്പണികൾ | 3 | രാഘവേന്ദ്ര ഷേണായി,<br>കൊച്ചുമഠം ,<br>തുറവൂർ പി.ഒ | 600 | 1800 |
| | | | അനന്തപൈ<br>ഉടുമ്പനാട്ട് ഹൗസ്<br>പള്ളിപ്പുറം | 600 | |
| | | | മനോജ്.ആർ,<br>ഗുരുമുറ്റത്ത്,<br>ചേന്നം പള്ളിപ്പുറം | 600 | |
| 9 | S0052/17<br>പെരുമ്പളം സി.എച്ച്.സി അറ്റകുറ്റപ്പണികളും പെയിന്റിംഗും | 1<br>(ടെൻഡർ&റീടെൻഡർ) | അനന്തപൈ<br>ഉടുമ്പനാട്ട് ഹൗസ്<br>പള്ളിപ്പുറം<br>(ടെൻഡർ &റീടെൻഡർ) | 2800 | 2800 |
| 10 | S0057/17<br>തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്ത്-വാർഡ് 15 ആന്റികവല പഞ്ചായത്ത് ഓഫീസ് റോഡിൽ കോച്ചേരി | 4 | സി.ആർ.ഷിബു,<br>ചങ്ങരത്ത്<br>പറയകാട് പി.ഒ | 1000 | 4000 |
| | | | സാബു.ആർ<br>കുടത്താളി നികർത്ത് | 1000 | |

| | | | | | |
|---|---|---|---|---|---|
| | | | പട്ടണക്കാട് | | |
| | തോടിനുകുറുകെ കോൺക്രീറ്റ് ബോക്സ് കൾവർട്ട് നിർമ്മാണം. | | അജിത്ത്.എൻ.എസ് തട്ടാത്തറയിൽ തിരുനല്ലൂർ.പി.ഒ | 1000 | |
| | | | വിപിൻ കുട്ടപ്പൻ പള്ളത്തിപ്പറമ്പിൽ തൈക്കാട്ടുശ്ശേരി.പി.ഒ | 1000 | |
| | ആകെ | | | | 20800 |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

(എ) കൈമാറി കിട്ടിയ സ്ഥാപനങ്ങളിലേക്കും ബ്ലോക്ക് പഞ്ചായത്ത് ഹാളിലേക്കും ഫർണിച്ചർ വാങ്ങൽ

കൈമാറി കിട്ടിയ സ്ഥാപനങ്ങളിലേക്കും ബ്ലോക്ക് പഞ്ചായത്ത് ഹാളിലേക്കും ഫർണിച്ചർ വാങ്ങൽ എന്ന പ്രോജക്ടിൽപ്പെടുത്തി ഒരു ലക്ഷം രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റും (ബിൽ നം. 26/20.02.17), 4460 രൂപ തനത് ഫണ്ടും ഉൾപ്പെടെ 104460 രൂപ ചെലവഴിച്ച് കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സിൽ നിന്നും 3 അലമാരയും (@ Rs. 9890) 135 പ്ളാസ്റ്റിക് കസേരയും (@ Rs.554) വാങ്ങി.

പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ കാണുന്നു.

1) വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്തതായി രേഖകൾ ഇല്ല.

2) ഫയലിൽ ചേർത്തിട്ടുള്ള SIDCO യുടെ ഇൻവോയ്സിൽ പ്ളാസ്റ്റിക് കസേര ഒരെണ്ണത്തിന്റെ വില 400 രൂപയും 14.5% നികുതിയുമാണ് കാണിച്ചിട്ടുള്ളത്. ഇതനുസരിച്ച് കസേര ഒന്നിന്റെ വില 458 രൂപ പ്രകാരം 135 എണ്ണത്തിന് ആകെ വില 61830 രൂപ മാത്രമാണ് വരുന്നത്. എന്നാൽ കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സിൽ നിന്നും കസേര വാങ്ങുന്നതിനായി ഒരെണ്ണത്തിന് 554 രൂപ വച്ച് 135 എണ്ണത്തിന് 74790 ചെലവഴിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/31.10.17) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് പ്രകാരം സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവ മാത്രമേ നേരിട്ട് വാങ്ങാവൂ എന്ന് നിഷ്കർഷിച്ചിട്ടുള്ളതാനാലാണ് സിഡ്കോയിൽ നിന്നും പർച്ചേസ് ചെയ്യാതെ ഓപ്പൺ ടെൻഡർ മുഖേന ഫർണിച്ചർ വാങ്ങിയത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ഈ ഉത്തരവ് ടെൻഡർ കൂടാതെ വാങ്ങൽ നടത്തുമ്പോൾ മാത്രമാണ് ബാധകമാകുന്നത്. സിഡ്കോയുടെ ടെൻഡർ നിരസിക്കാൻ മതിയായ കാരണങ്ങളൊന്നും തന്നെ പർച്ചേസ് കമ്മറ്റി തീരുമാനത്തിലോ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിലോ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ഈ ഇനത്തിൽ അധികം നൽകിയ 12960 (74790-61830=12960)രൂപ കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സിൽ നിന്നും ഇവ വാങ്ങുവാൻ തീരുമാനമെടുത്ത 31-1-17 ലെ കമ്മറ്റിയിൽ പങ്കെടുത്ത ബ്ളോക്ക് പഞ്ചായത്ത് അംഗങ്ങളുടേയും സെക്രട്ടറിയുടേയും ബാദ്ധ്യതയായി കണക്കാക്കുന്നു. ഓഡിറ്റ് എൻക്വയറിക്ക് തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ലാത്തതിനാലും, സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാലും ബാദ്ധ്യതയായി കണക്കാക്കിയ 12960 രൂപയുടെ ചെലവ് ഒഴികെ 91500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ബി)കൈമാറി കിട്ടിയ സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രേഖകൾ എന്നിവ ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ എസ് 0022/17ാം നമ്പർ പ്രോജക്ടിനായി ബിൽ നം. 25/27.02.17 പ്രകാരം 311500രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് K.M ടെക്നോളജി, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും ഒരു ഫോട്ടോ കോപ്പിയറും (47500രൂപ) സൈബർ ഹോം, മുഹമ്മയിൽ നിന്നും 8 കമ്പ്യൂട്ടറും (264000രൂപ) വാങ്ങി. ബ്ലോക്ക് ഓഫീസിലേയ്ക്ക് 6 കമ്പ്യൂട്ടറും പള്ളിപ്പുറം സി.എച്ച്.സി യ്ക്ക് ഒരു കമ്പ്യൂട്ടറും സി.ഡി.പി.ഒ ഓഫീസിലേയ്ക്ക് ഒരു കമ്പ്യൂട്ടറും ഫോട്ടോസ്റ്റാറ്റ് മെഷീനും വിതരണം ചെയ്യുവാനാണ് പ്രോജക്ട് തയ്യാറാക്കിയത്. ഇവ സ്റ്റോക്കിൽ എടുത്തതിന്റേയും വിതരണം ചെയ്തതിന്റെയും രേഖ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഹാജരാക്കിയ രജിസ്റ്ററിൽ ഇവ ഈ ഓഫീസുകൾക്ക് നൽകിയെന്നുമാത്രമാണ് ചേർത്തിട്ടുള്ളത്. രേഖകൾ ഹാജരാക്കാത്തതിനാൽ 311500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 അരൂക്കുറ്റി സി.എച്ച്.സിയിലേയ്ക്ക് മരുന്നു വാങ്ങൽ - മരുന്നു ലഭിച്ചിട്ടില്ല

പ്രോജക്ട് നം .-25/17

അടങ്കൽ തുക – 4,00,000/-

ചെലവ് തുക – 4,00,000/-

ബിൽ നം.4/16-17, തീയതി - 27.02.16

അരൂക്കുറ്റി സി.എച്ച്.സിയിലേയ്ക്ക് മരുന്നു വാങ്ങുന്നതിനായി 400000 രൂപ പിൻവലിച്ച് 27.02.17 ൽ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമി., തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രേഖ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വാങ്ങലുമായി ബന്ധപ്പെട്ട് കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. അടിയന്തര പ്രാധാന്യത്തോടെ നടപ്പാക്കേണ്ട ഈ പ്രോജക്ടിൽ, മരുന്നു വാങ്ങുന്നതിനായി തുക സ്ഥാപനത്തിന് മുൻകൂറായി നൽകിയെങ്കിലും ഇതുവരെ മരുന്ന് ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/30.10.17) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 4,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 പാലിന് സബ്സിഡി - വിനിയോഗിക്കാത്ത തുക തിരിച്ചടച്ചിട്ടില്ല

പ്രോജക്ട് നം.-36/17

അടങ്കൽ തുക – 15,96,000/-

ചെലവ് തുക – 15,96,000/-

ബിൽ നം.1/16-17, തീയതി - 27.02.17 (0607/520D153/1-21.03.17

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പാലിന് സബ്സിഡി എന്ന പ്രോജക്ടിനായി പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും 1596000 രൂപയാണ് വകയിരുത്തിയിരുന്നത്. വികസന ഫണ്ടിൽ നിന്നും പിൻവലിച്ച തുക 5 ഗ്രാമ പഞ്ചായത്തുകളിലെ പാലിന് സബ്സിഡി എന്ന പ്രോജക്ടിനായി ബ്ലോക്ക് വിഹിതമിനത്തിൽ നൽകിയിട്ടുണ്ട്. തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിന് 2,72,000/-രൂപ നൽകിയതിൽ 2,20,600/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി തുക 51,400/-രൂപ ചെലവഴിച്ചിട്ടില്ല. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/30.10.17) ലഭ്യമാക്കിയ മറുപടിയിൽ, തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിൽ ചെലവഴിക്കാത്ത തുക തനത് ഫണ്ടിലേക്ക് വകമാറ്റിയിട്ടുണ്ടെന്നും ആയത് ട്രഷറിയിൽ തിരിച്ച് അടയ്ക്കുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ 51,400/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം. 34/17

അടങ്കൽ തുക – 9,00,950/-

ചെലവ് തുക – 9,00,950 /-

ബിൽ നം.1/2016-17, തീയതി - 23.02.17, തുക – 7,32,500/-

ബിൽ നം.4/2016-17, തീയതി - 21.03.17, തുക – 1,68,450/-

ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ടിനായി പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 900950രൂപ വകയിരുത്തിയിരുന്നു. പ്രോജക്ട് പ്രകാരം പിൻവലിച്ച 900950 രൂപ ഗ്രാമ പഞ്ചായത്തുകളിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ടിനുള്ള ബ്ലോക്ക് വിഹിതമിനത്തിൽ ചേന്നം - പള്ളിപ്പുറം, പാണാവള്ളി, അരൂക്കുറ്റി, പെരുമ്പളം, തൈക്കാട്ടുശ്ശേരി എന്നീ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെ പേരിൽ നല്കിയിട്ടുണ്ട്. ചേന്നം - പള്ളിപ്പുറം, പാണാവള്ളി, അരൂക്കുറ്റി, പെരുമ്പളം എന്നീ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെ പേരിൽ നല്കിയ തുകകൾ മാത്രമാണ് പൂർണ്ണമായും വിനിയോഗിച്ചിട്ടുള്ളത്. തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിന് നല്കിയ തുകയിൽ (3,19,500/-) 2,00,000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/30.10.17) ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ 1,19,500/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 പെയിൻ ആന്റ് പാലിയേറ്റീവ് - രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം .-27/17

അടങ്കൽ തുക – 10,00,000/-

ചെലവ് തുക – 10,00,000/-

ബിൽ നം.2/16-17, തീയതി - 15.12.16

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പെയിൻ ആന്റ് പാലിയേറ്റീവ് പ്രോജക്ട് പ്രകാരം പിൻവലിച്ച 1000000 രൂപ ബ്ലോക്ക് വിഹിതമിനത്തിൽ അരൂക്കുറ്റി, തൈക്കാട്ടുശ്ശരി, പാണാവള്ളി, പെരുമ്പളം, ചേന്നം - പള്ളിപ്പുറം എന്നീ ഗ്രാമ പഞ്ചായത്തുകളിലെ പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെ പേരിൽ 2,00,000/- രൂപ വീതം ഡി.ഡി. എടുത്ത് നൽകിയതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ, തുകകൾ കൈപ്പറ്റിയതിന്റെ രേഖ, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/30.10.17) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക (10,00,000/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 അരൂക്കുറ്റി - മൂലങ്കുഴി ഭാഗത്ത് കാന നിർമ്മാണം - അധിക നിരക്ക് അനുവദിച്ചു

2015-16 വർഷം വികസന ഫണ്ടിൽ നിന്നും 525000 രൂപ വകയിരുത്തിയ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് DSR 2014 (Cost Index 1.4571) പ്രകാരമാണ്. 02.07.2015- ലെ 16/AEE/LSGD/BP /TSY/2015-16 പ്രകാരം സാങ്കേതികാനുമതി ലഭിച്ചിട്ടുള്ള പ്രോജക്ടിന്റെ എസ്റ്റിമേറ്റ് ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 28.12.2015-ലെ 1(9) തീരുമാന പ്രകാരം റിവൈസ് ചെയ്യുന്നതിന് തീരുമാനിച്ചു. ഇതനുസരിച്ച്

465588 രൂപ അടങ്കൽ വരുന്ന റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി 01.01.2016-ലെ 16/AEE/LSGD/BP /TSY/2015-16 പ്രകാരം സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റിലെ ഇനം. 7 "steel reinforcement for RCC work including straightening, cutting, bending, placing in position and binding all complete - thermo mechanically treated bars" എന്ന ഇനത്തിന് DSR 2014 സ്പെസിഫിക്കേഷൻ 5.22.6പ്രകാരം എസ്റ്റിമേറ്റിൽ അംഗീകരിച്ചിരുന്ന നിരക്ക് 99.23/kg (68.10x1.4571) ആണ്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ പ്രസ്തുത ഇനത്തിന് അനുവദിച്ച നിരക്ക് 111.64/kg ആണ്. അളവുപുസ്തകം പേജ് 24-ൽ 901.810 Kg-ന് 111.64/Kg നിരക്ക് പ്രകാരം 100678 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. 901.810 kg -ന് 99.23/kg നിരക്ക് പ്രകാരം 89487 രൂപയാണ് കരാറുകാരന് അനുവദിക്കാവുന്നത്. കരാറുകാരന് 11191 രൂപ അധികം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/30.10.17)പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ ഇനം നം.7 steel reinforcement for RCC work including straightening, cutting, bending, placing in position and binding all complete-Hard drawn steel (സ്പെസിഫിക്കേഷൻ 5.22.5) എന്നതിന് കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ 111.64/kg ആണ് എന്നും ഈ നിരക്ക് പ്രകാരമാണ് റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ സ്പെസിഫിക്കേഷൻ 5.22.6 പ്രകാരമുള്ള പ്രസ്തുത ഇനം തന്നെയാണ് റിവൈസ്ഡ് എസ്റ്റിമേറ്റിലും കാണിച്ചിട്ടുള്ളതെന്നതിനാൽ മറുപടി അംഗീകരിക്കുന്നില്ല. അധിക തുക റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>പ്രോജക്ടിന്റെ വിശദാംശങ്ങൾ</u>

പ്രോജക്ടിന്റെ പേര് : S0002/17

കരാറുകാരൻ : എസ്.അനന്തപൈ

ഉടുമ്പനാട്ട് വീട്

പള്ളിപ്പുറം പി.ഒ

<u>ചെലവ്</u>

ബിൽ നം.30/31.03.2016 53143/-

ബിൽ നം.01/30.09.2016 353072/-

അളവുപുസ്തകം നം. 37/15-16

## 3-7 കാന നിർമ്മാണ പ്രവൃത്തികൾ - നിർവ്വഹണത്തിലെ അപാകങ്ങൾ

ബ്ലോക്ക് പഞ്ചായത്തിൽ 2016-17 വർഷം നടപ്പാക്കിയിട്ടുള്ള കാന നിർമ്മാണ പ്രവൃത്തികളിൽ, ഡ്രെയിൻ ബെഡ് നിർമ്മാണത്തിന് 1:3:6 കോൺക്രീറ്റിംഗും സൈഡ് ഭിത്തി നിർമ്മാണത്തിന് 1:2.5:5 കോൺക്രീറ്റിംഗുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഇനങ്ങൾക്കായി യഥാക്രമം 7673.79/m$^3$, 7915/m$^3$ നിരക്കുകളാണ് അംഗീകരിച്ചിട്ടുള്ളത്. കാനയുടെ ബെഡിന് 1:4:8 കോൺക്രീറ്റിംഗും സൈഡ് ഭിത്തി നിർമ്മാണത്തിന് 1:3:6 കോൺക്രീറ്റിംഗും ഉപയോഗിച്ചാൽ മതിയാകും. MORD സ്പെസിഫിക്കേഷൻ പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ 1:4:8 കോൺക്രീറ്റിംഗിനും 1:3:6 കോൺക്രീറ്റിംഗിനും അനുവദിച്ചിട്ടുള്ള നിരക്ക് 6518.13/m$^3$, 6958.09/m$^3$ ആണ്. പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

<u>1) അങ്കമാലി... </u>

<u>1) അത്രുക്കറ്റി ഗ്രാമ പഞ്ചായത്ത് വാർഡ് 3-കുറ്റിത്തറ – കറുകച്ചിറ റോഡിൽ കാന നിർമ്മാണം</u>

കുറ്റിത്തറ – കറുകച്ചിറ റോഡിൽ 123 മീറ്റർ നീളത്തിൽ കാന നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിനായി പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 500000 രൂപ വകയിരുത്തിയിരുന്നു. പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ ഇനം 2 ഡ്രെയിൻ ബെഡിന് 1:3:6 പ്ലെയിൻ കോൺക്രീറ്റിംഗും ഇനം 3 കാനയുടെ സൈഡ് ഭിത്തി നിർമ്മാണത്തിന് 1:2.5:5 പ്ലെയിൻ കോൺക്രീറ്റിംഗുമാണ് ചെയ്തിട്ടുള്ളത്.

അളവുപുസ്തകം 37/16-17പേജ് 12 പ്രകാരം 1:3:6 കോൺക്രീറ്റിംഗ് 10.988 $m^3$ ചെയ്തതിന് 6800/$m^3$ നിരക്ക് പ്രകാരം 74718 രൂപയും പേജ് 13 പ്രകാരം 1:2.5:5 കോൺക്രീറ്റിംഗിന് 27.665എം$^3$ ന് 7400/$m^3$ നിരക്ക് പ്രകാരം 204721 രൂപയുമാണ് കരാറുകാരന് അനുവദിച്ചിട്ടുള്ളത്.

<u>അനുവദനീയമായ തുക</u>

10.988 $m^3$ @6518.13 = 71621

27.665 $m^3$ @6958.09 = 192496

അധികം ചെലവഴിച്ചത് = 3097+12225 = 15322

<u>പ്രോജക്ട് സംബന്ധമായ വിവരങ്ങൾ</u>

പ്രോജക്ട് നം.S0044/17

കരാറുകാരൻ : ശ്രീ.മനോജ്.ആർ

അളവുപുസ്തകം നം. 37/16-17

ചെലവ് : 461999/- ബിൽ നം.10/28.03.2017

<u>2) ചേന്നം പള്ളിപ്പുറം വാർഡ് 3 – അംഗൻവാടി കുറുകപ്പാട്ടിൽ റോഡിൽ ഡ്രെയിനേജ് നിർമ്മാണം</u>

ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ അംഗൻവാടി കറുകപ്പാട്ടിൽ റോഡിൽ 123 മീറ്റർ നീളത്തിൽ കാന നിർമ്മിക്കുന്നതിനായി പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും 500000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ ഇനം 2 ഡ്രെയിൻ ബെഡിന് 1:3:6 പ്ലെയിൻ കോൺക്രീറ്റിംഗും ഇനം 3 കാനയുടെ സൈഡ് ഭിത്തി നിർമ്മാണത്തിന് 1:2.5:5 പ്ലെയിൻ കോൺക്രീറ്റിംഗുമാണ് ചെയ്തിട്ടുള്ളത്. കരാറുകാരൻ പ്രസ്തുത ഇനങ്ങൾക്ക് ക്വാട്ട് ചെയ്തിട്ടുള്ള നിരക്ക് യഥാക്രമം 5950/$m^3$ , 7300/$m^3$ എന്നിങ്ങനെയാണ്.

അളവുപുസ്തകം 38/16-17പേജ് 19 പ്രകാരം 1:3:6 കോൺക്രീറ്റിംഗ് 9.041 $m^3$ ചെയ്തതിന് 5950/$m^3$ നിരക്ക് പ്രകാരം 53793.95രൂപയും 23.52 $m^3$ 1:2.5:5 കോൺക്രീറ്റിംഗിന് 7300/$m^3$ നിരക്ക് പ്രകാരം 171696 രൂപയുമാണ് കരാറുകാരന് അനുവദിച്ചിട്ടുള്ളത്.

<u>അനുവദനീയമായ തുക</u>

9.041 $m^3$ @ 5950/$m^3$ = 53793.95

23.52 $m^3$ @ 6958.09/$m^3$ = 163654

അധികം അനുവദിച്ചത് = 171696 – 163654 = 8042/-

<u>പ്രോജക്ട് സംബന്ധിച്ച വിവരങ്ങൾ</u>

പ്രോജക്ട് നം. S0037/17

കരാറുകാരൻ : മനോജ്. ആർ

അളവുപുസ്തകം. 38/16-17

ഒന്നാം പാർട്ട് ബിൽ -356254/- ബിൽ നം.12/31.03.17

ഫൈനൽ ബിൽ - 108930/- ബിൽ നം. 2/22.06.17

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/30.10.17) MORD സ്പെസിഫിക്കേഷൻ പ്രകാരം റോഡും അനുബന്ധ പ്രവൃത്തികളും നടപ്പിലാക്കുവാൻ ഗവ. സർക്കുലർ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തി നടത്തിയതെന്നും MORD സ്പെസിഫിക്കേഷൻ പ്രകാരം ഏറ്റവും ബലം കുറഞ്ഞ

കോൺക്രീറ്റ് PCC grade M10 – ഉം അതിന്റെ നോമിനൽ മിക്സ് 1:3:6 – ഉം അതിന്റെ അടുത്ത ഗ്രേഡ് കൂടിയ കോൺക്രീറ്റ് മിക്സ് 1:2.5:5 ഉം ആണെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

എന്നാൽ അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് വാർഡ് 5 – തങ്കേരി പാങ്കുതറ കോളനി കാന നിർമ്മാണം (S0046/17) എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇനം.2 ഡ്രെയിൻ ബെഡിന് 1:3:6 കോൺക്രീറ്റിംഗും ഇനം 3 സൈഡ് വാൾ നിർമ്മാണത്തിന് 1:2.5:5 കോൺക്രീറ്റിംഗുമാണ് ഉൾപ്പെടുത്തിയിരുന്നത്. ഇതനുസരിച്ച് ടെൻഡർ ക്ഷണിച്ചതിൽ ശ്രീ.മനോജ് ക്വാട്ട് ചെയ്ത നിരക്ക് 6800/-, 7313.68/- എന്നിങ്ങനെയാണ്. പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഇനം 2, ഇനം 3 എന്നിവയ്ക്ക് പകരം എക്സ്ട്രാ ഇനം 1,2 എന്നിവ പ്രകാരം 1:4:8 കോൺക്രീറ്റിംഗും 1:3:6 കോൺക്രീറ്റിംഗും ഉൾപ്പെടുത്തി. 1:4:8 കോൺക്രീറ്റിംഗിന് 6518.13 രൂപയും 1:3:6 കോൺക്രീറ്റിംഗിന് 6958.09 രൂപയുമാണ് എസ്റ്റിമേറ്റിൽ അനുവദിച്ചിരിക്കുന്നത്. ബെഡ് കോൺക്രീറ്റിംഗിന് 1:3:6, സൈഡ് ഭിത്തി നിർമ്മാണത്തിന് 1:2.5:5 കോൺക്രീറ്റിംഗ് എന്നിവ ആവശ്യമാണെന്ന് അസി.എക്സി. എഞ്ചിനീയർ അറിയിച്ചിട്ടില്ല. ആയതിനാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച 23364 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-8 ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടം അറ്റകുറ്റപ്പണികൾ - അധിക അളവിന് തുക അനുവദിച്ചു

ബ്ലോക്ക് പഞ്ചായത്തിലെ ടോയ് ലെറ്റ് ബ്ലോക്ക് നിർമ്മാണത്തിനായി മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്നും 700000 രൂപ വകയിരുത്തിയിരുന്നു. പ്രവൃത്തിക്കായി ബിൽ നം.11/31.03.2017 പ്രകാരം 635118 രൂപ ചെലവഴിച്ചിട്ടുണ്ട്.

പ്രവൃത്തിയുടെ ഇനം. 3 "Random rubble masonry with hard stone in foundation and plinth including levelling up with cement concrete 1:6:12(1 cement:6 coarse sand:12 graded stone aggregate 20 mm nominal size) upto plinth level with cement mortar 1:6 (1 cement : 6 coarse sand)" എന്നതിന് അളവുപുസ്തകം 23/16-17 പേജ് 3 പ്രകാരം അളവ് കണക്കാക്കിയതിൽ തെറ്റ് ഉണ്ടായിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു

| എണ്ണം | കണക്കാക്കിയ അളവ് | യഥാർത്ഥ അളവ് |
|---|---|---|
| 1 | 15.90x0.60x0.60 = 5.724 | 15.90x0.60x0.60 = 5.724 |
| 1 | 2.70x0.60x0.60 = 0.972 | 2.70x0.60x0.60 = 0.972 |
| 1x2 | 2.10x0.60x0.60 = 1.512 | 1x2 2.10x0.60x0.60 = 1.512 |
| 1x2 | 1.35x0.60x0.60 = 1.782 | 1.35x0.60x0.60 = 0.972 |
| ആകെ | 9.99 $m^3$ | 9.18 $m^3$ |

അളവുപുസ്തകം പേജ് 53 പ്രകാരം അധികം അളവായ 0.81$m^3$ (9.99 $m^3$-9.18 $m^3$) -ന് 6007.62 രൂപ നിരക്കിൽ 4866 രൂപ കരാറുകാരന് അധികം അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ വിഷയത്തിൽ 31.10.2017-ൽ നൽകിയ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അളവ് കണക്കാക്കിയതിൽ പിശക് സംഭവിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. ഈ തുക കരാറുകാരനിൽ നിന്നും ഈടാക്കുകയോ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കുകയോ ചെയ്യേണ്ടതാണ്.

<u>പ്രോജക്ടിന്റെ വിശദാംശങ്ങൾ</u>

പ്രോജക്ട് നം. S0053/17

കരാറുകാരൻ : അജിത്.എൻ.എസ്, തട്ടാതറയിൽ, തിരുനല്ലൂർ

അളവുപുസ്തകം : 23/16-17

## 3-9 പെരുമ്പളത്ത് കാർഷിക വിപണനകേന്ദ്രം -ബ്ളോക്ക് വിഹിതം നൽകിയെങ്കിലും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

തൈക്കാട്ടുശ്ശേരി ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ 2016/17 ൽ നടപ്പാക്കിയ പെരുമ്പളത്ത് കാർഷിക വിപണനകേന്ദ്രത്തിന് ബ്ളോക്ക് വിഹിതം നൽകൽ എന്ന പ്രോജക്ടിനായി (നം. S058/17) പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 130000 രൂപ വകയിരുത്തിയിരുന്നു. അതനുസരിച്ച് 24.03.2017-ലെ ബിൽ നം.1 പ്രകാരം 130000 രൂപ പിൻവലിച്ച് പെരുമ്പളം ഗ്രാമ പഞ്ചായത്തിനു നൽകി.

പെരുമ്പളം കൃഷി ഓഫീസർ 23-11-2016 ൽ തൈക്കാട്ടുശ്ശേരി ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയ കത്തിൽ പെരുമ്പളം കാർഷിക കർമ്മസേനയ്ക്ക് കൊയ്ത്ത് യന്ത്രം നൽകുന്നതിനായി പെരുമ്പളം ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിരുന്ന പ്രോജക്ട് നടപ്പാക്കുന്നതിൽ വന്ന തടസ്സങ്ങൾ കാരണം ഉപേക്ഷിച്ചെന്നും ഈ പ്രോജക്ടിനായി വച്ചിരുന്ന ബ്ളോക്ക് വിഹിതം കാർഷിക വിപണനകേന്ദ്രം നിർമ്മാണം എന്ന പ്രോജക്ടിന് അനുവദിക്കണമെന്നും അപേക്ഷിച്ചതിനെത്തുടർന്ന് പെരുമ്പളം അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തുന്ന കാർഷിക വിപണനകേന്ദ്രം നിർമ്മാണം എന്ന പ്രോജക്ടിലേക്ക് ബ്ളോക്ക് വിഹിതം അനുവദിക്കണമെന്ന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രോജക്ടിന് ഭരണാനുമതി നൽകിയത് (5-1-17 ലെ 1(5) തീരുമാനം). മാത്രമല്ല സംയുക്ത പ്രോജക്ടായി നടപ്പാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്നുള്ളതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രോജക്ട് നടത്തിപ്പിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. ബ്ലോക്ക് ഫണ്ട് അനുവദിക്കുന്നതിന് മുൻപ് പഞ്ചായത്ത് ഇതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല.
2. നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ യാതൊരു പ്രവർത്തനങ്ങളും ആരംഭിച്ചതായി രേഖകൾ ഹാജരാക്കിയിട്ടില്ല.

ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/1.11.17) കൃഷി അസിസ്റ്റന്റ് ഡയറക്ടർ നൽകിയ മറുപടിയിൽ വിപണനകേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ 130000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പ്രോജക്ടുകൾ- ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

1) <u>വനിത SHG കൾക്ക് ജൈവ വാഴ കൃഷി (പ്രോജക്ട് നം. S023/17)</u>

15 വനിതകൾ അംഗങ്ങളായ 150 SHG കൾക്ക് ഞാലിപൂവൻ, റോബസ്റ്റ വാഴതൈകൾ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഇതിനായി പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും ബിൽ നം. 2/27-3-2017പ്രകാരം 84600 രൂപ പിൻവലിച്ച് 47 യൂണിറ്റുകൾക്കായി (ഒരു യൂണിറ്റിൽ 120 എണ്ണം ഞാലിപൂവൻ, റോബസ്റ്റ വാഴതൈകൾ വീതം) പാണാവള്ളി മരതകം കാർഷിക വിജ്ഞാന വ്യാപന കേന്ദ്രത്തിനു നൽകി. ഒരു വാഴതൈയ്ക്ക് 10 രൂപ പ്രകാരം ആകെ ചെലവ് 112800 രൂപയാണ്(240x10x47=112800). ഇതിന്റെ 25% കിഴിച്ച് ബാക്കി 84600 രൂപയാണ് മരതകം കാർഷിക വിജ്ഞാന വ്യാപന കേന്ദ്രത്തിനു നൽകിയത്. പ്രോജക്ട് നടത്തിപ്പിൽ കാണുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

a) 47 ഗ്രൂപ്പുകൾ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ളതാണെന്നുള്ള വിവരം, ഇവർക്ക് കൃഷി നടത്തുന്നതിനാവശ്യമായ സ്ഥലം ഉണ്ടെന്നു തെളിയിക്കുന്നതിനാവശ്യമായ രേഖകൾ, ഗ്രൂപ്പുകളുടെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച രേഖകൾ എന്നിവ ഹാജരാക്കിയില്ല.

b)ഗ്രൂപ്പുകൾ ഇവ കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

c) ഗ്രാമപഞ്ചായത്ത് വഴി ഈ ഗ്രൂപ്പുകൾക്ക് ഇതേ ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്നതിന്റെ രേഖകൾ ഹാജരാക്കിയില്ല.

ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ 84600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) <u>വനിത അടുക്കള തോട്ടം ജൈവ പച്ചക്കറി കൃഷി (പ്രോജക്ട് നം.S 031)</u>

വനിതകൾക്ക് അടുക്കള തോട്ടം നിർമ്മിക്കുന്നതിനായി പച്ചക്കറി വിത്ത്, ഗ്രോ ബാഗ്, ജൈവവളം എന്നിവ നൽകുന്നതിന് തയ്യാറാക്കിയ പ്രോജക്ടാണിത്. 25 എണ്ണം പച്ചക്കറി തൈകൾ, 25 എണ്ണം ഗ്രോബാഗ്, 27.5 കി.ഗ്രാം. വിവിധ ജൈവവളങ്ങൾ എന്നിവ അടങ്ങിയ ഒരു യൂണിറ്റിന് 687.5 രൂപ വീതം 682 യൂണിറ്റുകൾക്കുള്ള ചെലവ് 468875 രൂപയാണ്. ഇതിൽ നിന്നും 234608 രൂപ ഗുണഭോക്തൃവിഹിതം കിഴിച്ച് ബാക്കി 234267 രൂപ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും ബിൽ നം.3/27-3-17 പ്രകാരം പിൻവലിച്ച് ഇവ സപ്ലൈ ചെയ്യുതിന് ഫാം നീഡ് അഗ്രോ ബയോടെക് പാലക്കാട്-നു നൽകി.

പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട പോരായ്മകൾ.

1. 682 യൂണിറ്റുകൾ വാങ്ങിയെങ്കിലും 448 യൂണിറ്റുകൾ മാത്രമാണ് വിവിധ ഗ്രാമ പഞ്ചായത്ത് കൃഷി ഓഫീസർമാർ കൈപ്പറ്റിയിട്ടുള്ളത്.
2. വിവിധ ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർമാർ ഇവ കൈപ്പറ്റിയതല്ലാതെ ഗുണഭോക്തൃലിസ്റ്റോ വിതരണ വിവരങ്ങളോ ഹാജരാക്കിയിട്ടില്ല.
3. ഗ്രാമപഞ്ചായത്തുകൾ വഴി ഈ ഗ്രൂപ്പുകൾക്ക് ഇതേ ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്നുള്ളതിന്റെ രേഖകൾ ഹാജരാക്കിയില്ല.

മുകളിൽ ചേർത്തിട്ടുള്ള അപാകതകളുടെ അടിസ്ഥാനത്തിൽ 234267 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/1.11.2017) കൃഷി അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-11 <u>അംഗ പരിമിതർക്ക് സൈഡ് വീലുള്ള സ്കൂട്ടർ - രേഖകൾ പരിശോധിക്കാതെ ആനുകൂല്യം നൽകി.</u>

പ്രോജക്ട് നം .-33/17

അടങ്കൽ തുക – 4,14,000/-

ചെലവ് തുക – 4,14,000 /-

ബിൽ നം.5/2016-17, തീയതി - 28.03.17, തുക – 4,14,000/-

നിർവ്വഹണ ഉദ്യോഗസ്ഥ : ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ പാണാവള്ളി, ചേന്നം - പള്ളിപ്പുറം, തൈക്കാട്ടുശ്ശേരി എന്നീ ഗ്രാമ പഞ്ചായത്തുകളിലെ 2 വീതം ഗുണഭോക്താക്കൾക്കായി ആകെ 6 പേർക്കാണ് ആനുകൂല്യം നല്കിയത്. ഫയൽ പരിശോധിച്ചതിൽ, കൈപ്പറ്റിയ ആളുകളുടെ ലേണേഴ്സ് ലൈസൻസ് മാത്രമാണ് സൂക്ഷിച്ചിരിക്കുന്നത്. ആനുകൂല്യം കൈപ്പറ്റിയവർ നിരത്തിൽ വാഹനം ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ലൈസൻസ് എടുത്തിട്ടുണ്ടോ എന്നുറപ്പാക്കാതെയാണ് നിർവഹണ ഉദ്യോഗസ്ഥ ആനുകൂല്യം നല്കിയത്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/30.10.17) ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് അല്ലെങ്കിൽ ലേണേഴ്സ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നല്കിയിട്ടുള്ളത് എന്നാണ്. ഗുണഭോക്താക്കളുടെ ലൈസൻസ് പരിശോധിക്കാതെ ആനുകൂല്യം നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ആയതിനാൽ 4,14,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കൾ ഇൻവാലിഡ് ക്യാരേജ് ലൈസൻസ് ലഭിച്ചവരാണെന്നും ഇവർ വാഹനം ഉപയോഗിക്കുന്നുവെന്നും ഉറപ്പാക്കിയതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക് പരിശോധന

തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ) രസീത് &പേയ്മെന്റ് അക്കൌണ്ട്

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവ് - ചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 47674423 |
| വരവ് | 73609593 |
| ആകെ | 121284016 |
| ചെലവ് | 94417266 |
| നീക്കിയിരുപ്പ് | 26866750 |

നീക്കിയിരിപ്പ് തുക പാസ് ബുക്ക്/സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ട്.

ബി) ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായത്തിന്റേയും വ്യയത്തിന്റേയും സംക്ഷിപ്തം താഴെ പ്പറയുന്നു.

| | |
|---|---|
| ആദായം | 74022059 |
| (-)വ്യയം | 66068183 |
| സർപ്ലസ് | 7953876 |

സി)ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.03.2017 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെ പ്പറയുന്നു.

| | |
|---|---|
| ആകെ ആസ്തി | 83887194 |
| (-)റിസർവ്വും earmarked fundഉം ഉൾപ്പെടെ ആകെ ബാധ്യത | 68060599 |
| പഞ്ചായത്ത് ഫണ്ട് | 15826595 |

വാർഷിക കണക്കിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബാലൻസ് ഷീറ്റിൽ പഞ്ചായത്ത് ഫണ്ടിൽ Excess income over expenditure ൽ പ്രയർ പീരീഡ് ചെലവ് കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| 2015-16 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം Excess income over expenditure | 9579517 |

| | |
|---|---|
| 2016-17വർഷത്തെ വരുമാനം | 74022050 |
| ആകെ | 83601576 |
| ചെലവ് (പ്രയർ പിരീഡ് ചെലവ് പരിഗണിക്കാതെ) | 66068183 |
| തൻവർഷത്തെ Excess income over expenditure | 17533393 |

എന്നാൽ, ബാലൻസ് ഷീറ്റിൽ 13145454 ആണ് ചേർത്തിട്ടുള്ളത്.

2. അഡ്വാൻസ് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വിശദീകരിച്ചിട്ടില്ല.

2015-16 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം (B-18) ടെമ്പററി അഡ്വാൻസ് ഓഫീസ് പർപ്പസ് 21000 രൂപയും അഡ്വാൻസ് ടു ഇംപ്ലിമെന്റിങ്ങ് ഓഫീസേഴ്സ് 4152125രൂപയും ഉണ്ട്. തൻ വർഷം RP47 പ്രകാരം ഈ ഇനത്തിലെ വരവ് - ചെലവുകൾ വരവ് യഥാക്രമം 5000,120000രൂപയും ചെലവ് യഥാക്രമം 159177,129000രൂപയുമാണ് ഒപ്പം ചെലവ് ഇനത്തിൽ കോൺട്രാക്ടർമാർക്ക് അഡ്വാൻസ് അനുവദിച്ചത് 680000രൂപയും കാണുന്നു.

എന്നാൽ, 2016-17 വർഷം ബാലൻസ് ഷീറ്റിൽ (B-18) ടെമ്പററി അഡ്വാൻസ് ഫോർ ഓഫീസ് പർപ്പസ് 22772 രൂപ മാത്രമാണ് ചേർത്തിട്ടുള്ളത്. മറ്റുള്ളവ ചേർത്തിട്ടില്ല.

3. ഹാജരാക്കിയ അസറ്റ് രജിസ്റ്ററിൽ ലാൻഡ്, കെട്ടിടങ്ങൾ എന്നിവ മാത്രമാണ് ഉള്ളതായി കാണുന്നത്. എന്നാൽ, വാർഷിക കണക്ക് ബാലൻസ് ഷീറ്റിൽ (B-11) കെട്ടിടങ്ങൾ, റോഡുകൾ, കലുങ്കുകൾ, നടപ്പാതകൾ, മറ്റ് നിർമ്മാണങ്ങൾ, വാഹനങ്ങൾ തുടങ്ങിയവ ചേർത്തിട്ടുണ്ട്. മാത്രമല്ല ലാൻഡ് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. പരിശോധനയ്ക്ക് ഹാജരാക്കിയ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിന് 2 വാഹനം മാത്രമാണുള്ളതെങ്കിലും ആയതിന്റെ മൂല്യം 4164660രൂപയും തേയ്മാനം 2521378 രൂപയും കാണുന്നു. ആസ്തികളുടെ മൂല്യത്തിൽ വരുത്തിയിട്ടുള്ള തേയ്മാന ചെലവ് വിശദീകരിച്ചിട്ടില്ല.
4. വാർഷിക കണക്കിൽ Local Area Development Fund for M.P, M.L.A സംബന്ധിച്ച് രേഖകൾ ഹാജരാക്കിയിട്ടില്ല.

## 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2016-17 | 2735000 | ഐ.എ.വൈ | 2735000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1316000 | ഐ.എ.വൈ | 1316000 | 0 |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം ിരിച്ചടയ്ക്കാൻ
രവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി ലോൺ | സർക്കാർ ഉത്തരവ് (സാധാ) നം. 1319/2010 /ത.സ്വ.ഭ.വ തീയതി 16.04.2010 | 10872525 | 6186260 | 937253 | - | 5249007 | - |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 73609593 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 94417266 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 52381 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2836767 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1(എ) | | 12960 | കെ.പി.രഘുനാഥൻ,ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി<br>31.01.17- ലെ കമ്മറ്റിയിൽ പങ്കെടുത്ത ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ (അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്) |
| 3-6 | | 11191 | മോഹനൻ.എം.ടി, അസിസ്റ്റന്റ് എഞ്ചിനീയർ,<br>എൻ.എൻ.അനിൽകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-7 | | 23364 | ജിനേഷ്.കെ.ബി,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-8 | | 4866 | രമ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ<br>ജിനേഷ്.കെ.ബി,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | | |
| ആകെ | | 52381 | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(എ) | 91500 | കെ.പി.രഘുനാഥൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-1 (ബി) | 311500 | |
| 3-2 | 400000 | ഡോ.ജോർജ്ജ്. കെ.എ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, അത്രുക്കുറ്റി |
| 3-3 | 51400 | അനിൽകുമാർ.പി.സി., ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| 3-4 | 119500 | നിർമ്മല. റ്റി.ബി, ശിശു വികസന പദ്ധതി ഓഫീസർ |
| 3-5 | 1000000 | ഡോ.ജോർജ്ജ്. കെ.എ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, അത്രുക്കുറ്റി |
| 3-9 | 130000 | ലീലാ കൃഷ്ണൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-10 (1) | 84600 | ലീലാ കൃഷ്ണൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-10 (2) | 234267 | |
| 3-11 | 414000 | നിർമ്മല.റ്റി.ബി, ശിശു വികസന പദ്ധതി ഓഫീസർ |

| | | |
|---|---|---|
| ആകെ | 2836767 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.പി.രഘുനാഥൻ,ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | സർവ്വീസിൽ നിന്നും വിരമിച്ചു | മാന്താനത്ത് ഇല്ലം, പട്ടണക്കാട് പി.ഒ, ചേർത്തല |
| മോഹനൻ.എം.ടി, അസിസ്റ്റന്റ് എഞ്ചിനീയർ, | സർവ്വീസിൽ നിന്നും വിരമിച്ചു | കാവ്യശ്രീ, പള്ളിപ്പുറം പി.ഒ, ചേർത്തല |
| എൻ.എൻ.അനിൽകുമാർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | സർവ്വീസിൽ നിന്നും വിരമിച്ചു | തയ്യിൽ, പട്ടണക്കാട് പി.ഒ, ചേർത്തല |
| ജിനേഷ്.കെ.ബി,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | എൽ.എസ്.ജി.ഡി സബ് ഡിവിഷൻ, തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | കോട്ടപ്പള്ളി, പറയകാട് പി.ഒ., തുറവൂർ |

| | | |
|---|---|---|
| രമ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | കൊച്ചി നഗരസഭ | ആതിര, CMC-9, ചേർത്തല പിൻ-688524 |
| ഡോ.ജോർജ്ജ്. കെ.എ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, അരൂക്കുറ്റി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, അരൂക്കുറ്റി | കാട്ടിത്തറ ഹൗസ്, അരൂർ പി.ഒ പിൻ-688534 |
| അനിൽകുമാർ.പി.സി., ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസ്, ഹരിപ്പാട് ബ്ലോക്ക് | ആരഭി, രാമപുരം, കീരിക്കാട് പി.ഒ |
| നിർമ്മല.റ്റി.ബി, ശിശു വികസന പദ്ധതി ഓഫീസർ | - | കാർത്തിക, കരിക്കാട് പി.ഒ., തണ്ണീർമുക്കം |
| ലീലാ കൃഷ്ണൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, തൈക്കാട്ടുശ്ശേരി | കാർത്തിക, ഐരേറ്റുനട, മണർകാട് പി.ഒ, കോട്ടയം |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2009-10 | എൽ.എഫ്.ജി.എ5-832/11/31.1.12 |

| | |
|---|---|
| | |
| 2006-07 | എൽ.എഫ്.ജി.എ.5-1577/ 14/5.7.14 |
| 2007-08 | എൽ.എഫ്.ജി.എ.5-1577/ 16.5.14 |
| 2008-09 | എൽ.എഫ്.ജി.എ.5-1577/14/7.6.14 |
| 2009-10 | എൽ.എഫ്.ജി.എ.5-1577/14/16.5.14 |
| 2010-11 &11-12 | എൽ.എഫ്.എ.ബി.പി.1/766/13/21.1.14/11.4.14 |
| 2012-13 &13-14 | എൽ.എഫ്.എ.ബി.പി.320/2015/1/6/15 |
| 2014-15 & 15-16 | കെ.എസ്.എ.എ.എൽ.പി/ബി.പി.225/2017/10/03/17 |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനു സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

.
.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നം. കെ.എസ്.എ-എ.എൽ.പി/ബിപി.1371/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഫോൺ: 0477-2252753

ഇ-മെയിൽ: ddhglfalpy@gmail.com

തീയതി, 08.11.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.
.
.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/BP-1371/2017

Kerala State Audit Department,

District Audit Office, Alappuzha.

Phone:0477-2252753

e-mail: ddhglfalpy@gmail.com

Date: 08.11.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thycattussery Block Panchayat in Alappuzha District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statement of Thycattussery Block Panchayat for the year 2016-17 except the observations in Para 4-1 of my audit report properly presents the picture of income and expenditure.

.
.
.

Senior Deputy Director

Kerala State Audit Department

Alappuzha.

## അനുബന്ധം 3

## ഖണ്ഡിക 3-1(എ) നഷ്ടത്തിനുത്തരവാദികളായ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളുടെ വിവരം

| ക്രമ നം | ഡിവിഷൻ നം./പേര് | അംഗത്തിന്റെ പേര് | വിലാസം |
|---|---|---|---|
| 1 | 1 അരൂക്കുറ്റി | ശ്രീ. പി.കെ. കൊച്ചപ്പൻ | പാണ്ഡ്യംപറമ്പ്, അരൂക്കുറ്റി പി.ഒ |
| 2 | 3 വാഴത്തറവെളി | ശ്രീമതി.നിർമ്മല ശെൽവരാജ് | കിഴക്കേവെളിയിൽ, പാണാവള്ളി. പി.ഒ |
| 3 | 4പൂച്ചാക്കൽ | ശ്രീമതി. മേഘ വേണു | സുകുമാരൻവെളി<br>പൂച്ചാക്കൽ പി.ഒ |
| 4 | 5 തേവർവട്ടം | ശ്രീമതി.രതി നാരായണൻ | പുത്തൻവെളി, മണപ്പുറം പി.ഒ |
| 5 | 6 മാക്കേകടവ് | ശ്രീമതി.സിന്ധു മഹേശൻ | കുന്നേൽ വെളി, പള്ളിപ്പുറം പി.ഒ |
| 6 | 7 പള്ളിപ്പുറം | ശ്രീ. പി.ഡി. സബീഷ് | പുതുലാലിൽ, പള്ളിപ്പുറം പി.ഒ |
| 7 | 8 തിരുനല്ലൂർ | ശ്രീമതി. ഷീല രഘുവരൻ | കൊണ്ടാട്ട്, തിരുനല്ലൂർ പി.ഒ |
| 8 | 9 പല്ലുവേലി | ശ്രീ. രാജേഷ് രാമകൃഷ്ണൻ | ചൊവ്വേലിക്കകത്ത്, പള്ളിപ്പുറം പി.ഒ |
| 9 | 10 തൈക്കാട്ടുശ്ശേരി | ശ്രീ. എബ്രഹാം ജോർജ്ജ് | പവ്വത്തിൽ വീട്<br>തൈക്കാട്ടുശ്ശേരി പി.ഒ |
| 10 | 11തളിയാപറമ്പ് | ശ്രീമതി. നീതു രഞ്ജിത് | പള്ളിപ്പാട്, ഉളവയ്പ് പി.ഒ |
| 11 | 12 തൃച്ചാറ്റുകുളം | ശ്രീമതി. ഉഷ രാജഗോപാൽ | ശിവശക്തി, തൃച്ചാറ്റുകുളം പി.ഒ |
| 12 | 13 നദുവത്ത് നഗർ | ശ്രീമതി. ശ്യാമള | ശ്രീഭവനം, നദുവത്ത്നഗർ പി.ഒ |

.
.
.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ